# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 12 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

തിരുവാഭരണ ഘോഷയാത്ര പന്തളത്തുനിന്നും പുറപ്പെട്ടു

ശബരിമലയിലെ അയ്യപ്പ വിഗ്രഹത്തില് ചാര്ത്തുവാനുള്ള ആഭരണങ്ങളുമായി തിരുവാഭരണ ഘോഷയാത്ര ചൊവ്വാഴ്ച്ച പന്തളത്തുനിന്നും പുറപ്പെട്ടു. കാല്നടയായി നീങ്ങുന്ന ഘോഷയാത്രാ സംഘം മൂന്നാംദിവസം വൈകുന്നേരമാണ് ശബരിമലയിലെത്തിച്ചേരുന്നത്. കോവിഡിന്റെ നിയന്ത്രണങ്ങളുടെയും പന്തളം കൊട്ടാരം കുടുംബാംഗങ്ങള്ക്ക് അശുദ്ധി ഉള്ളതിനാലും ഈവര്ഷം ഘോഷയാത്രയില് ചില മാറ്റങ്ങള് വരുത്തിരുന്നു. കൊട്ടാരത്തിലെ അശുദ്ധികാരണം രാജപ്രതിനിധി ഇല്ലാതെയായിരുന്നു യാത്ര. ക്ഷേത്രത്തില് രാജപ്രതിനിധിയുടെ സാന്നിധ്യത്തില് നടത്തേണ്ട ചടങ്ങുകള് വേണ്ടെന്നുവച്ചു. കോവിഡ് നിയന്ത്രണങ്ങള് കാരണം പെട്ടി തുറന്നുള്ള തിരുവാഭരണ ദര്ശനം ക്ഷേത്രത്തിലും ഘോഷയാത്ര കടന്നു പോകുന്ന സ്ഥലങ്ങളിലും ഒഴിവാക്കി. മാലയിട്ടുള്ള സ്വീകരണത്തിനും വിലക്കേര്പ്പെടുത്തി. സംഘാംഗങ്ങളെ പരിമിതപ്പെടുത്തിയായിരുന്നു യാത്ര.

പന്തളം സ്രാമ്പിക്കല് കൊട്ടാരത്തിലെ സുരക്ഷിത മുറിയില് സൂക്ഷിച്ചിരിക്കുന്ന തിരുവാഭരണങ്ങള് രാവിലെ പതിനൊന്നരയോടെയാണ് ക്ഷേത്രത്തിലേക്ക് മാറ്റിയത്.

ആഭരണപ്പെട്ടികള് തലയിലേറ്റുന്ന 24 അംഗങ്ങളേയും ഗുരുസ്വാമി മാലയിട്ടും ഭസ്മം നല്കിയും അനുഗ്രഹിച്ചു. കര്പ്പൂര ആഴിയുടെ അകമ്പടിയില് ആഭരണങ്ങള് വലിയകോയിക്കല് ക്ഷേത്രത്തിലേക്ക് കൊണ്ടുവന്നു. ആചാരത്തിന്റെ ഭാഗമായി അല്പ്പനേരം തുറന്ന് ശ്രീകോവിലിനു മുമ്പില് വച്ചശേഷം ദേവസ്വം അധികൃതരെ ആഭരണങ്ങളുടെ എണ്ണം ബോധ്യപ്പെടുത്തി പേടകങ്ങള് അടച്ചു. തുടര്ന്ന് മേല്ശാന്തി നീരാജനം ഉഴിഞ്ഞശേഷമാണ് പേടകം ക്ഷേത്രത്തിന് വലംവെച്ച് പുറത്തേക്കെടുത്തത്.

കൃത്യം ഒരുമണിക്കുതന്നെ തിരുമുഖമടങ്ങുന്ന പ്രധാനപെട്ടി ഗുരുസ്വാമി കുളത്തിനാല് ഗംഗാധരന് പിള്ളയും പൂജാപാത്രങ്ങളടങ്ങുന്ന രണ്ടാമത്തെ പെട്ടി മരുതമനയില് ശിവന്പിള്ളയും കൊടിയും ജീവതയുമടങ്ങുന്ന മൂന്നാമത്തെ പെട്ടി കിഴക്കേതോട്ടത്തില് പ്രതാപചന്ദ്രന് നായരും ശിരസിലേറ്റി ഘോഷയാത്ര പുറപ്പെട്ടു. തിരുവാഭരണ പാതയില് നിരവധി സ്ഥലങ്ങളില് കര്പ്പൂരാഴി ഒരുക്കി തീര്ഥാടകര് ഘോഷയാത്രയെ വരവേറ്റു. കുളനട, ഉള്ളന്നൂര്, ആറന്മുള വഴി അയിരൂര് പുതിയകാവ് ദേവീക്ഷേത്രത്തിലെത്തി സംഘം വിശ്രമിച്ചു. രണ്ടാംദിവസം ളാഹ വനം വകുപ്പ് സത്രത്തിലെത്തി തങ്ങും. മൂന്നാംദിവസം ശരംകുത്തിയിലെത്തിച്ചേരുന്ന ഘോഷയാത്രയെ ദേവസ്വം അധികാരികള് സ്വീകരിക്കും. സന്നിധാനത്ത് തന്ത്രിയും മേല്ശാന്തിയും ചേര്ന്ന് ആഭരണങ്ങള് ഏറ്റുവാങ്ങി അയ്യപ്പവിഗ്രഹത്തില് ചാര്ത്തി ദീപാരാധന നടത്തുമ്പോള് പൊന്നമ്പലമേട്ടില് മകരജ്യോതി തെളിയും.

ഫോട്ടോ അടിക്കുറിപ്പ്-

മകരവിളക്ക് ദിനത്തില് അയ്യപ്പസ്വാമിക്ക് ചാര്ത്തുവാനുള്ള തിരുവാഭരണവും വഹിച്ചു കൊണ്ടുള്ള ഘോഷയാത്ര പന്തളത്തുനിന്നും ശബരിമലയിലേക്ക് പുറപ്പെട്ടപ്പോള്.

**(പി.ആര്. ശബരി - (184)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
| --- | --- | --- |
| JANUARY | 12 | 2021 |



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com


മകരവിളക്കിനു ശബരിമല പൂര്ണസജ്ജം :

കോവിഡ് മാനദണ്ഡങ്ങള് ശക്തമാക്കും

മകരവിളക്കിന് ശബരിമല പൂര്ണ സജ്ജമായി. ഭക്തര്ക്ക് ദര്ശന സൗകര്യമൊരുക്കുകയും കോവിഡ് മാനദണ്ഡങ്ങള് ശക്തമായി പാലിക്കുകയും ചെയ്യുമെന്ന് സന്നിധാനത്ത് ചേര്ന്ന ഉന്നതതല യോഗത്തില് എഡിഎം അരുണ് വിജയന്, എസ്പി കെ. രാധാകൃഷ്ണന് എന്നിവര് അറിയിച്ചു. 5000 ഭക്തര്ക്കാണ് പ്രവേശനം അനുവദിക്കുക. അന്നേദിവസം തിരുവാഭരണ ഘോഷയാത്രയില് പങ്കെടുക്കുന്ന 280 പേര്ക്കാണ് സന്നിധാനത്തേക്ക് പ്രവേശനമുള്ളത്. ഘോഷയാത്രയില് പങ്കെടുത്തവരുടെ കോവിഡ് പരിശോധന സര്ട്ടിഫിക്കറ്റ് നിലയ്ക്കല്, പമ്പ എന്നിവിടങ്ങളില് പരിശോധിക്കും. കൂടുതല് സ്ഥലങ്ങളില് ആരോഗ്യ വകുപ്പിന്റെ സേവനം ഉറപ്പുവരുത്തും. ഭക്തരെ സാമൂഹ്യ അകലം പാലിപ്പിച്ചു കൊണ്ടാകും സന്നിധാനത്തേക്ക് പ്രവേശിപ്പിക്കുന്നത്. ഭക്തരെ കൂട്ടം കൂടാനും അനുവദിക്കില്ല. ഭക്തര്ക്ക് മകരവിളക്ക് ദര്ശിക്കാവുന്ന പ്രധാന ഇടങ്ങളിലെല്ലാം ഇന്നലെ മുതല് പോലീസ്, ഫയര്ഫോഴ്സ്, വനംവകുപ്പ് പരിശോധനകള് ശക്തമാക്കി. ഇതു മകരവിളക്കു വരെ തുടരും. എക്സൈസ് പരിശോധനയും

കര്ശനമാക്കും. തിരുവാഭരണ ഘോഷയാത്രയുടെ കൂടെ വിവിധ ഇടങ്ങളില് നിന്ന് കയറിയേക്കാവുന്ന പുറത്തുനിന്നുള്ളവരെ തടയാന് ബാരിക്കേഡ് സ്ഥാപിക്കും. അവിടെ കൂടുതല് പോലീസുകാരെ നിയോഗിക്കുകയും ചെയ്യും.
തോള്സഞ്ചി, ഇരുമുടിക്കെട്ട് എന്നിവയ്ക്കൊപ്പം ബാഗും കൊണ്ടുവരുന്ന ഭക്തരെ അന്ന് പമ്പയില് പരിശോധിക്കാനും തീരുമാനിച്ചു. തിരുവാഭരണ ഘോഷയാത്രയ്ക്കൊപ്പം, കോവിഡ് പരിശോധന കഴിഞ്ഞ ദേവസ്വത്തില്  നിന്നുള്ള 100 പേരെയും പോലീസ് വിഭാഗത്തില് നിന്നുള്ള 20 പേരെയും പങ്കെടുപ്പിക്കും. അന്നേദിവസം അട്ടത്തോട്, നീലിമല, മരക്കൂട്ടം തുടങ്ങിയ ഇടങ്ങളില് ഭക്തര് വിരിവയ്ക്കുന്നത് തടയും. തിരുവാഭരണങ്ങള് സന്നിധാനത്തേക്കു വരുന്ന പ്രധാന വഴികളുടെ കൈവഴികളും അന്നേദിവസം അടച്ച് സുരക്ഷ ശക്തമാക്കും. മകരവിളക്ക് കഴിഞ്ഞ് രാത്രി ഒന്പതിനു മുന്പ് ഭക്തരെ സന്നിധാനത്തു നിന്നും തിരിച്ചയക്കും. ആരോഗ്യ വകുപ്പിന്റെ സേവനങ്ങളെ കൂടാതെ അയ്യപ്പ സേവാസംഘത്തിന്റെ അന്നദാനം, ഔഷധ ജലവിതരണം, സ്ട്രെച്ചര്, ആംബുലന്സ് സൗകര്യങ്ങളും ലഭ്യമാക്കും. ഉന്നതതല യോഗത്തില് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എ.വി. ജോസ്, ഡ്യൂട്ടി മജിസ്ട്രേറ്റ് കെ. മനോജ്, എഎസ്ഒ പദം സിങ്, തിരുവിതാംകൂര് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസര് വി.എസ്. രാജേന്ദ്ര പ്രസാദ് തുടങ്ങിയവര് പങ്കെടുത്തു.

മകരവിളക്ക്: കൂടുതല് പോലീസ്സേന
മകരവിളക്കിനോട് അനുബന്ധിച്ച് ശബരിമലയില് കൂടുതല് പോലീസ് സേനയെ വിന്യസിച്ചതായി എസ്പി കെ. രാധാകൃഷ്ണന് പറഞ്ഞു. ഇവര് സന്നിധാനത്ത് ചുമതലയേറ്റെടുത്തു. മൂന്ന് സിഐ, ആറ് എസ്ഐ, 90 സിപിഒമാര് എന്നിവരെയാണ് വിവിധ ഇടങ്ങളില് നിയോഗിച്ചിട്ടുള്ളത്. മണ്ഡലകാലാരംഭം മുതല് ഒരു എസ്പിക്കു കീഴില് രണ്ട് ഡിവൈഎസ്പിമാര്, ആറ് സിഐമാര്, 30 എസ്ഐ, എഎസ്ഐമാര്, 200 സിപിഒ മാര് എന്നിവരാണു സന്നിധാനത്ത് ചുമതലയിലുണ്ടായിരുന്നത്. വരും ദിവസങ്ങളില് പോലീസ് സേന കര്ശന പരിശോധ നടത്തുമെന്ന് എസ്പി പറഞ്ഞു.

**(പി.ആര്. ശബരി - (185)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 12 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com


**ശബരിമലയിലെ നാളത്തെ ചടങ്ങുകൾ (13.01.2021)**

.........
പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തൽ
5 ന്.... നട തുറക്കൽ
5.05 ന് ....അഭിഷേകം
5.20 ന് ...ഗണപതി ഹോമം
6 മണി മുതൽ 7 മണി വരെ നെയ്യഭിഷേകം
തുടർന്ന് ബിംബ ശുദ്ധി ക്രിയകൾ
ശേഷം ഉഷപൂജ
25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും...
6.30 ന് ....ദീപാരാധന
8.30ന് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി.ആര്‍. ശബരി - (186)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.